**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **02-02-2026 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വന്യജീവി ആക്രമണങ്ങളാണ് അങ്കമാലി മണ്ഡലത്തിൽ റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ 652 വന്യജീവി സംഘർഷങ്ങളാണ് മലയാറ്റൂർ ഡിവിഷനിലും കാലടി പ്രകൃതി പഠന ഡിവിഷനുകളിലുമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | അങ്കമാലി മണ്ഡലത്തിൽ വനത്തോട് ചേർന്ന് കിടക്കുന്ന അയ്യമ്പുഴ, മലയാറ്റൂർ-നീലീശ്വരം, മൂക്കന്നൂർ, കറുകുറ്റി പഞ്ചായത്തുകളിൽ അടിക്കടി ഉണ്ടാകുന്ന വന്യജീവി ആക്രമണവും, കൃഷി നാശവും തടയുന്നതിന് സ്വീകരിച്ചിരിക്കുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയ്ഞ്ചിൽപ്പെട്ട മലയാറ്റൂർ-നീലീശ്വരം, അയ്യമ്പുഴ പഞ്ചായത്തുകളുടെ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ വേലികളുടെ നിർമ്മാണം, നിലവിലുള്ള സൗരോർജ്ജവേലികൾ കൂടുതൽ ഫലപ്രദമായ തൂക്കു സൗരോർജ്ജവേലികളാക്കി നവീകരിക്കൽ, താത്കാലിക വാച്ചർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, വനമേഖലയിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, താത്കാലിക ചെക്ക് ഡാമുകളുടെ നിർമ്മാണം, തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ടി പഞ്ചായത്തുകളിൽ ജനജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി വന്യമൃഗസംഘർഷത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചുചേർത്ത്, ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br>നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 60 കി.മീറ്റർ ദൂരത്തിൽ സോളാർ ഹാങ്ങിംഗ് ഫെൻസ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. ജനവാസ മേഖലയിലെത്തുന്ന വന്യ ജീവികളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു താൽകാലിക റാപ്പിഡ് റെസ്പോൺസ് ടീം അതിരപ്പിള്ളി റെയ്ഞ്ചിനു കീഴിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ച വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം സംയോജിതമായ രീതിയിൽ ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടെ പ്രദേശവാസികളെ കൂടി ഉൾപ്പെടുത്തി കൊണ്ട് 7 പി.ആർ.ടി കളും അതിരപ്പിള്ളി റെയ്ഞ്ചിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ടി പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കാത്ത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | മഴ ലഭ്യത കുറവ് മൂലം മൃഗങ്ങൾക്ക് കാട്ടിൽ വെള്ളം കിട്ടാതെ വരികയും ചൂട് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതുമൂലമുള്ള മനുഷ്യ-വന്യമൃഗ സംഘർഷം ഇല്ലാതാക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | വനത്തിനുള്ളിൽ വന്യജീവികൾക്ക് ആവശ്യമായ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വന്യജീവികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി വനത്തിനകത്ത് കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും, അവ സമയാസമയങ്ങളിൽ മാലിന്യങ്ങൾ നീക്കം ചെയ്ത് ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. താത്കാലിക ചെക്ക് ഡാമുകളുടെ നിർമ്മാണത്തിലൂടെയും വനത്തിനുള്ളിൽ ജലലഭ്യത വർദ്ധിപ്പിച്ചുവരുന്നു. ജലവും ഭക്ഷണവും ഉറപ്പാക്കുന്നതിനായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി "വിത്തുണ്ടകൾ" തയ്യാറാക്കി വനഭാഗങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. വനാന്തർഭാഗങ്ങളിലെ കുളങ്ങൾ, ചെക്ക് ഡാമുകൾ, മറ്റ് ജലസംഭരണികൾ എന്നിവ ശുചീകരിച്ച് സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബ്രഷ് വുഡ് ചെക്ക് ഡാമുകളുടെ നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മലയാറ്റൂർ ഡിവിഷനിലെ കാലടി റെയ്ഞ്ചിലും, വാഴച്ചാൽ വനം ഡിവിഷൻ പരിധിയിലും, കാലടി പ്രകൃതി പഠന കേന്ദ്ര ഡിവിഷൻ പരിധിയിലും വനം വകുപ്പ് നടപ്പിലാക്കിയ വന്യ ജീവി പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് / സ്വഭാവം (കേന്ദ്രാവിഷ്കൃതം / സംസ്ഥാന പദ്ധതികൾ) | ചെലവ് തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | വിജയ ക്രഷർ മുതൽ ചേലച്ചുവട് ഐ.ഐ.പി കനാൽ വരെ സോളാർ ഫെൻസിംഗ് 1.7 കി.മീ. | 4,98,347 | പ്രവർത്തനസജ്ജം |
| 2 | (പോട്ട ഇല്ലിത്തോട്) ഐ.ഐ.പി കനാൽ മുതൽ എവർഗ്രീൻ വെടിപ്പുര വരെ സോളാർ ഫെൻസിംഗ് 5 കി.മീ. | 8,87,293 | പ്രവർത്തനസജ്ജം |
| 3 | മൂപ്പൻപ്പടി മുതൽ ആശ്രമം ഗേറ്റ് വരെ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് 1.6 കി.മീ. | 10,12,572 | പ്രവർത്തനസജ്ജം |
| 4 | കണ്ണി മംഗലം മുതൽ പോട്ട വരെ സോളാർ ഫെൻസിംഗ് 2.5 കി.മീ. | 4,69,518 | പ്രവർത്തനസജ്ജം |
| 5 | മുടിപ്പുറം മുതൽ ആശ്രമം പടി വരെ ആനകിടങ്ങ് 710 മീറ്റർ | 7,96,917 | പ്രവർത്തനസജ്ജം |
| 6 | 1976 തേക്ക് തോട്ടം ഭാഗം മുതൽ മഹാഗണി തോട്ടത്തിലൂടെ ഐ.ഐ.പി കനാൽ വരെ സോളാർ ഫെൻസിംഗ് 2.15 കി.മീ. | 4,39,869 | പ്രവർത്തനസജ്ജം |
| 7 | മുളംകുഴി മുതൽ എവർഗ്രീൻ ക്യാമ്പ് ഷെഡ് ക്രോസ് ബാർ വരെ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് 2.9 കി.മീ. | 16,35,808 | പ്രവർത്തനസജ്ജം |
| 8 | വാഴച്ചാൽ ഡിവിഷന്റെ അതിരപ്പിള്ളി റെയ്ഞ്ച് പരിധിയിൽ അയ്യമ്പുഴ, ഏഴാറ്റുമുഖം ഭാഗങ്ങൾ ബന്ധപ്പെട്ട് വരുന്ന 60 കി.മീ. സോളാർ ഫെൻസിംഗ് . | 7,47,06,000 | 8 കി.മീ പൂർത്തീകരിച്ചു. |
| 9 | കാലടി പ്രകൃതി പഠന കേന്ദ്രം ഡിവിഷനു കീഴിൽ കൃഷി വകുപ്പിന്റെ രാഷ്ട്രീയ കൃഷി | | |

| ക്രമ നം | പദ്ധതിയുടെ പേര് / സ്വഭാവം (കേന്ദ്രാവിഷ്കൃതം / സംസ്ഥാന പദ്ധതികൾ) | ചെലവ് തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | വികാസ് യോചന (RKVY) പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 വർഷത്തിൽ വള്ളിയാംകുളം നഗര പരിധിയിൽ 1.100 കി.മീ. വിസ്തൃതിയിലും, പോട്ട മുതൽ ഐ.ഐ.പി കനാൽ മേഖല വരെ 1.700 കി.മീ. വിസ്തൃതിയിലും സൗരോർജ്ജ തൂക്കുവേലി പൂർത്തീകരിച്ചിട്ടുണ്ട്. | 20,82,564 | പൂർത്തീകരിച്ചു. |